**ഭരണഭാഷ മാതൃഭാഷ**

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം.
ജഗതി, തിരുവനന്തപുരം, 695014
ഇ-മെയിൽ- dirdhse.dge@kerala.gov.in
ഫോൺ: 0471-2580754

**എച്ച്.എസ്.ഇ/3588/2024-എഡി ഡി 3** **തീയതി:24-08-2024**

# സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കന്ററി വിഭാഗം-ജീവനക്കാര്യം- 2024-25 അധ്യയന വർഷത്തെ ഗവൺമെന്റ്-ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ പ്രൊമോഷൻ-എച്ച്.എസ്.എസ്.റ്റി, എച്ച്.എം മാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമയപരിധി നീട്ടി നൽകുന്നത്-സംബന്ധിച്ച്.

സൂചന : 01/08/2024 തീയതിയിലെ എച്ച്.എസ്.ഇ/3588/2024-എഡി.ഡി 3 നമ്പർ സർക്കുലർ

സംസ്ഥാനത്തെ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിലെ പ്രിൻസിപ്പൽ തസ്തികയിലെ ഒഴിവുകളിലേയ്ക്ക് 2024-25 അദ്ധ്യായന വർഷത്തെ പ്രൊമോഷൻ നടത്തുന്നതിനായി എച്ച്.എസ്.എസ്.റ്റി, എച്ച്.എം മാർക്ക് കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് 24/08/2024 തീയതിവരെ സമയം അനുവദിച്ചുകൊണ്ട് സൂചന പ്രകാരം നിർദേശങ്ങൾ നൽകിയിരുന്നു . സ്കോർ മുഖേന ഇ-സി.ആർ സമർപ്പിക്കുന്നതിൽ ചില തടസ്സങ്ങൾ നേരിടുന്നു എന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ 2024-25 വർഷ പ്രിൻസിപ്പൽ പ്രൊമോഷനുവേണ്ടിയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ (2021

വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് മാന്വൽ ആയിട്ടും, 2022, 2023 വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സ്കോർ മുഖേന ഓൺലൈൻ ആയും) സമർപ്പിക്കുവാനുള്ള സമയപരിധി **31/08/2024** തീയതിവരെ ദീർഘിപ്പിച്ച് നൽകുന്നു.

ഇനിയും കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കാത്ത അദ്ധ്യാപകർ **31/08/2024 തീയതി 5.00 PM ന്** മുൻപായി സൂചന സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതാണ്.

**31/08/2024** തീയതിയ്ക്കു ശേഷം ലഭിക്കുന്നതും, അപൂർണ്ണവുമായ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. സ്കോർ മുഖേന ഇ-സി.ആർ സമർപ്പിക്കുന്നതിൽ സാങ്കേതിക തടസ്സങ്ങൾ നേരിടുന്നുവെങ്കിൽ / സമർപ്പിച്ചതിൽ എന്തെങ്കിലും തെറ്റ് സംഭവിച്ചിട്ടുണ്ടെങ്കിൽ പരിഹരിക്കുന്നതിനായി ആയത് സംബന്ധിച്ച വിശദ വിവരം അപേക്ഷകന്റെ പേര്, ഇ-മെയിൽ ഐ.ഡി, പെൻ നമ്പർ, ഫോൺ നമ്പർ എന്നിവ സഹിതം **aohse.dge@kerala.gov.in** എന്ന മെയിൽ ഐ.ഡി യിലേയ്ക്ക് ഇ-മെയിൽ ചെയ്യേണ്ടതാണ്. കൂടാതെ സ്കോർ മുഖേന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നത് സംബന്ധിച്ചുള്ള സംശയനിവാരണത്തിന് **0471-2580758** എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**